സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

*19 [109] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. ടി. കെ. ബാലൻ:
,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതികൾക്ക് ലഭിക്കുന്ന കേന്ദ്ര വിഹിതം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് കേന്ദ്രത്തിൽ ഇതിനകം സമർപ്പിച്ചിട്ടുള്ളത്;

(ഡി) അനുവദിച്ച കേന്ദ്ര പദ്ധതികളിൽ നടപ്പിലാക്കാൻ അവശേഷിക്കുന്നവ ഏതെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ;

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) I. 100% കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. സംയോജിത ശിശുവികസന സേവന പദ്ധതി (ഉദിഷ ട്രെയിനിംഗ് ഉൾപ്പെടെ)
2. ലോകബാങ്ക് സഹായത്തോടെയുള്ള ഐസിഡിഎസ് മൂന്നാം ഘട്ട പദ്ധതി.
3. സംയോജിത സ്ത്രീ ശാക്തീകരണ പദ്ധതി.
4. ബാലികാ സമൃദ്ധി യോജന.
5. ദേശീയ പോഷകാഹാര പരിപാടി.

II. 50% കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ സൗകര്യങ്ങളും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കൽ.
2. ജുവനൈൽ ജസ്റ്റിസ് നിയമപ്രകാരം നിരീക്ഷണ ഭവനങ്ങൾ സ്ഥാപിക്കൽ.

III. പി. എം. ജി. വൈ. (70% കേന്ദ്രാവിഷ്കൃത പദ്ധതി)

LIBRARY ARCHIVES Kerala Legislative Assembly

(ബി) നൂറുശതമാനം കേന്ദ്രസഹായ പദ്ധതികൾക്ക് ചെലവഴിക്കുന്ന മുഴുവൻ തുകയും അൻപത് ശതമാനം ധനസഹായ പദ്ധതികൾക്ക് ചെലവഴിക്കുന്ന തുകയുടെ 50% വും, 70 % പദ്ധതികൾക്ക് 70% തുകയും കേന്ദ്ര വിഹിതമായി ലഭിക്കുന്നു.

(സി) ഉത്തരം 'എ' യിൽ പരാമർശിക്കുന്ന പദ്ധതികൾക്ക് പുറമേ ലോക ബാങ്ക് സഹായത്തോടെയുള്ള ഐസിഡിഎസ് പദ്ധതി IV-ാം ഘട്ടത്തിനു വേണ്ടി അപേക്ഷിച്ചിട്ടുണ്ട്.

(ഡി) പി.എം.ജി.വൈ. പദ്ധതി ഒഴികെയുള്ള എല്ലാ പദ്ധതികളും ഈവർഷവും നടപ്പിലാക്കിവരുന്നു. 'ഒരു കപ്പ് പാലും ഹസ്തദാനവും' എന്ന പേരിൽ മുമ്പു സംസ്ഥാനത്തു നടപ്പിലാക്കിവന്നിരുന്ന പി.എം.ജി.വൈ. പദ്ധതി നിർത്തലാക്കി പകരം മറ്റു സംസ്ഥാനങ്ങളിൽ ടി പദ്ധതി നടപ്പാക്കുന്നതുപോലെ പോഷകാഹാര വിതരണം സംബന്ധിച്ച പദ്ധതി 'ടേക്ക്ഹോം റേഷൻ സ്ട്രാറ്റജി' (ടി.എച്ച്.ആർ.എസ്.) എന്ന പേരിൽ ഈ വർഷം മുതൽ നടപ്പാക്കുന്ന കാര്യം ഗവൺമെന്റ് തലത്തിൽ പരിശോധിച്ചുവരികയാണ്.

(ഇ) സംയോജിത സ്ത്രീ ശാക്തീകണ പദ്ധതി, ദേശീയ പോഷകാഹാര പരിപാടി എന്നിവയൊഴിച്ചുള്ള എല്ലാ പരിപാടികൾക്കും 2003-2004 സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രകാരം നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ഇവ തുടർപരിപാടികളായതിനാൽ അനുവദിച്ച തുക തുടർ വർഷങ്ങളിൽ ചെലവഴിക്കാവുന്നതാണ്.

സ്പീഡ് ഗവേർണർ

*20 [110] ശ്രീ. ജോർജ് ജെ. മാത്യു:
,, ഇ. എം. അഗസ്തി:
,, വി. ഡി. സതീശൻ:
,, കെ. പി. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഘടിപ്പിക്കുന്നതിനുവേണ്ടി സ്പീഡ് ഗവേർണർ വാങ്ങിയിരുന്നുവോ;

(ബി) എങ്കിൽ എത്ര എണ്ണം വാങ്ങി;

(സി) ഓരോന്നിന്റേയും വിലയെത്ര എന്നറിയിക്കാമോ;

(ഡി) കമ്പ്ട്രോളർ ക്ഷണിച്ച ശേഷമാണോ ഇവ വാങ്ങിയത്, അല്ലെങ്കിൽ എന്തു കൊണ്ട് എന്നു വ്യക്തമാക്കാമോ;

(ഇ) ഇവയുടെ പ്രവർത്തനം മെച്ചപ്പെട്ടുവോ;

(എഫ്) പ്രവർത്തന ക്ഷമത പരിശോധിച്ചതിനുശേഷമാണോ ഇവ വാങ്ങിയത്;

(ജി) ഇവ വാങ്ങാനുള്ള തുക എവിടെ നിന്നാണ് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly